*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 32B

### പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്

### ഞാനെങ്ങനെ വിശ്വസിക്കും!

ഓം ശ്രീ സായിരാം! പ്രശാന്തിസന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ആ അനുഭവം വളരെ, വളരെ പുതുമയോടെ എന്റെ ഓർമ്മയിലുണ്ട്- ഈ ഉപാഖ്യാനത്തിൽ നിങ്ങളുമായി അത് പങ്കുവയ്ക്കുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്.

ഞാൻ ശ്രീ സത്യസായി ഓർഗനൈസേഷനുകളുടെ ആന്ധ്രാപ്രദേശിലെ സ്റ്റേറ്റ് പ്രസിഡണ്ടായി 4 വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന കാലം. അക്കാലത്തൊരു ദിവസം, തെലുങ്കാന സംസ്ഥാനത്തിലെ സിരിസില്ല എന്നു പേരുള്ള സ്ഥലം സന്ദർശിക്കാനിടയായി. മറ്റൊരു പ്രഫസറായ, വിശാഖപട്ടണം എ.വി.എം കോളജ് പ്രിൻസിപ്പാളായി സേവനം




ചെയ്യുന്ന ശ്രീ സുബ്രഹ്മണ്യശർമ ഗാരുവിനോടും ഞാൻ കൂടെ വരുന്നതിനായി അഭ്യർത്ഥിക്കുകയുണ്ടായി. ഞങ്ങളിരുവരും സിരിസില്ലയിലേക്ക് യാത്ര പോയി. ഞങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു, എന്നിട്ട് സ്റ്റേഷനിലേക്ക് തിരിച്ചെത്തി. ഞങ്ങൾക്ക് ഖാസിപേട്ട് റെയിൽവേ സ്റ്റേഷനിൽനിന്ന് അടുത്ത ട്രെയിൻ, ഗോദാവരി എക്സ്പ്രസ് പിടിക്കണമായിരുന്നു. ഖാസിപേട്ട് തെലുങ്കാന സംസ്ഥാനത്തിലെ ജംഗ്ഷനാണ്. അങ്ങനെ ഞങ്ങൾ ഖാസിപേട്ടിലെത്തി. അവിടെനിന്ന് ഞങ്ങൾക്ക് ഗോദാവരി എക്സ്പ്രസിൽ ഞങ്ങളുടെ സ്ഥലങ്ങളിലേക്ക് പോകണമായിരുന്നു. സുബ്രഹ്മണ്യ ശർമ

ഗാരുവിന് വിശാഖപട്ടണത്തേക്കും എനിക്ക് ഞാൻ ജോലിചെയ്യുന്ന ഗുണ്ടൂരിലേക്കും പോകേണ്ടിയിരുന്നു.

ശരി, ഞങ്ങൾ ഖാസിപേട്ട് റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ, പെട്ടെന്ന് റെയിൽവേ സ്റ്റേഷൻ സൂപ്രണ്ടായ റെഡ്ഡി, എന്നെ ദൂരെനിന്ന് കാണാനിടയായി. അദ്ദേഹം തന്റെ ഓഫീസിൽനിന്ന് പുറത്തുവന്നിട്ട്, അദ്ദേഹത്തിന്റെ ഓഫീസിൽ ഇരുന്ന് കുറച്ചു വിശ്രമിക്കാനായി അപേക്ഷിച്ചു, ഒരു കപ്പ് കാപ്പിയും അദ്ദേഹം എനിക്ക് തരികയുണ്ടായി.

ശരി, അപ്പോൾ റെഡ്ഡി പറഞ്ഞു, ''സർ, എനിക്കിന്ന് അങ്ങയുടെ പ്രഭാഷണത്തിന് വരാനായില്ല, എന്തുകൊണ്ടെന്നാൽ ഞാൻ ഡ്യൂട്ടിയിലായിരുന്നു. ഞാൻ അതിൽ വളരെ ദു:ഖിതനാണ്. വാസ്തവത്തിൽ, ഞാൻ അങ്ങയെ േ കൾക്കാൻ ആഗ്രഹിച്ചിരിക്കുകയായിരുന്നു എന്തുകൊണ്ടെന്നാൽ, കഴിഞ്ഞ കുറെ വർഷങ്ങളായി ആളുകൾ അങ്ങയുടെ പ്രഭാഷണത്തെക്കുറിച്ച് സംസാരിക്കുകയാണ്. എന്തായാലും, ഈ ചുരുങ്ങിയ സമയം കൊണ്ട് അങ്ങ് മീറ്റിംഗിൽ സംസാരിച്ചത് എന്താണെന്ന് എന്നോട് ചുരുക്കി പറഞ്ഞ് എന്നെ അനുഗ്രഹിക്കുമോ?''

അപ്പോൾ, അവിടെ സംസാരിച്ച ഏതാനും പോയിന്റുകൾ ഞാൻ അദ്ദേഹത്തോട് പറയാനാരംഭിച്ചു. എന്റെ ദൗർബല്യം ഇതാണ്: ഞാൻ സ്വാമിയെക്കുറിച്ച് സംസാരിച്ചു തുടങ്ങിയാൽ ഞാൻ സമയത്തിനും സ്ഥലത്തിനും അതീതനാവുന്നു. ഞാൻ എവിടെയാണെന്ന് ഞാൻ മറക്കുന്നു. ഞാൻ സമയപരിമിതി വിസ്മരിക്കുന്നു. സ്വാമിയെക്കുറിച്ച് ഏതാനും വാക്കുകൾ സംസാരിക്കാൻ നിങ്ങൾ എന്നോട് ആവശ്യപ്പെട്ടാൽ, ഞാൻ ആവേശഭരിതനായിട്ട് സംസാരിക്കാൻ തുടങ്ങും. കുറച്ചുനേരം പിന്നിട്ടപ്പോൾ ഖാസിപേട്ട് റെയിൽവേ



സ്റ്റേഷൻ സൂപ്രണ്ടായ റെഡ്ഡിഗാരു പറഞ്ഞു, ''സർ, സർ, ട്രെയിൻ വരാൻ നേരമായി. നമുക്ക് റെയിൽവേ പ്ലാറ്റ്ഫോമിലേക്ക് പോവാം.'' അദ്ദേഹത്തിന്റെ ഓഫീസിൽനിന്ന് ഞങ്ങളിരുവരും പുറത്തുവന്ന് പ്ലാറ്റ്ഫോമിൽ എത്തിയപ്പോഴേക്കും ട്രെയിൻ എത്തിച്ചേർന്നിട്ട് പുറപ്പെട്ടിരുന്നു.. പുറപ്പെട്ടിരുന്നു! ട്രെയിൻ സിഗ്നൽ പോയിന്റ് ക്രോസ് ചെയ്തിരുന്നു- സിഗ്നൽ

പോയിന്റ്. ഗോദാവരി എക്സ്പ്രസ്സായിരുന്നു അത്. അക്കാലത്ത്, വളരെ വേഗതയിലോടുന്ന ട്രെയിനുകളിലൊന്നാണത്. എന്റെ മറ്റേ കൂട്ടുകാരൻ, മറ്റേ പ്രഭാഷകൻ, സുബ്രഹ്മണ്യ ശർമ, വിശാഖപട്ടണം എ.വി.എം.കോളജ് പ്രിൻസിപ്പാൾ, വളരെ കുണ്ഠിതനായി.

"മി. അനിൽകുമാർ, ഞാൻ നാളെ എങ്ങനെ കോളജിൽ പോവും? താങ്കൾക്ക് നാളെ എങ്ങനെ താങ്കളുടെ കോളജിൽ പോകാനാവും? നമുക്കിരുവർക്കും ട്രെയിൻ നഷ്ടമായല്ലോ. ഞാൻ താങ്കളുടെയൊപ്പം കൂടേണ്ടിയിരുന്നില്ല. ഇതിൽ എനിക്ക് വളരെ വിഷമം തോന്നുന്നു."



ഞാൻ അപ്പോൾ അകമേ പ്രാർത്ഥിക്കുകയായിരുന്നു, "സ്വാമീ, ഈ മാന്യൻ വളരെ വിഷമത്തിലാണ്, എന്തുകൊണ്ടെന്നാൽ ഞങ്ങൾക്ക് ട്രെയിൻ നഷ്ടമായിരിക്കുന്നു. അദ്ദേഹത്തിന്റെ തോന്നൽ തികച്ചും ന്യായമാണ്. പ്രിൻസിപ്പാൾ എന്ന നിലയ്ക്ക്, അദ്ദേഹത്തിന് പോയി ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്തേ മതിയാവൂ. എനിക്ക് വളരെ കുറ്റബോധമുണ്ട്, സ്വാമീ! അവിടുന്ന് എന്നെ രക്ഷിക്കണം. ട്രെയിൻ പുറപ്പെട്ട് സിഗ്നൽ പോയിന്റ് ക്രോസ് ചെയ്തിരിക്കുന്നു. എനിക്കറിയില്ല അവിടുന്ന് എങ്ങനെയാണ് ഈ പ്രശ്നം പരിഹരിക്കുകയെന്ന്."

ഞാൻ സ്വാമിയോട് മൗനമായി അകമേ പ്രാർത്ഥിക്കുകയായിരുന്നു. എന്നെ വിശ്വസിച്ചാലും ഇല്ലെങ്കിലും, ട്രെയിൻ പുറകിലേക്ക് വരാൻ തുടങ്ങി! സിഗ്നൽ പോയിന്റിൽനിന്ന് റെയിൽവേ പ്ലാറ്റ്ഫോമിലേക്ക് തിരികെ! അതൊരിക്കലും സംഭവിക്കാറില്ല. സിഗ്നൽ പോയിന്റ് കടന്ന ട്രെയിൻ ഒരിക്കലും തിരിച്ചുവരില്ല, അതും ഒരു എക്സ്പ്രസ് ട്രെയിൻ. എനിക്ക് സ്വയം വിശ്വസിക്കാനായില്ല!



അപ്പോൾ, പെട്ടെന്നുതന്നെ ഞാൻ ചങ്ങാതി സുബ്രഹ്മണ്യത്തോട് പറഞ്ഞു, "സർ, വരൂ, നമുക്ക് ട്രെയിനിൽ കയറാം", ഞങ്ങളിരുവരും അവരവരുടെ സ്ഥലത്തേക്ക് പോയി, കോളജുകളിലും പോകാനായി.

ഇത് ഞാൻ നിങ്ങളോട് പറയുന്നത്- നാം സ്വാമിയുടെ ഡ്യൂട്ടി ചെയ്യുമ്പോൾ, അവിടുന്ന് നമ്മെ ഓരോ തരത്തിലും രക്ഷിക്കും എന്നു പറയാനാണ്. അവിടുന്ന് നമ്മെ നിരാശപ്പെടുത്തില്ല, എന്തുകൊണ്ടെന്നാൽ പ്രഭുവിനോടുള്ള സേവ ഒരിക്കലും പാഴാവുകയില്ല. എന്തുതന്നെയായാലും അവിടുന്ന് നമ്മെ ഒരു തരത്തിലുമുള്ള അപകടത്തിലും ചാടിക്കില്ല ഒരിക്കലും. ട്രെയിൻ പുറകിലേക്ക് വന്ന് ഞങ്ങളെ കയറ്റുക! ഞാനിതുമായി എങ്ങനെയാണ് പൊരുത്തപ്പെടുക! ഇത് സംഭവിച്ചു എന്ന് ഇപ്പോഴും വിശ്വസിക്കാനാവുന്നില്ല എനിക്ക്!

ഇനി ഞാൻ നിങ്ങൾക്ക് മറ്റൊരു അനുഭവം പറഞ്ഞുതരാം. തെലുങ്കാന സംസ്ഥാനത്ത്, കരിംനഗർ തുടങ്ങിയ ചില സ്ഥലങ്ങൾ സന്ദർശിക്കുകയായിരുന്നു ഞാൻ. പ്രഭാഷണം കഴിഞ്ഞ്, ഒരു വിധത്തിൽ ട്രെയിൻ പിടിച്ചു, ട്രെയിൻ വൈകി ഓടുകയായിരുന്നു. എനിക്ക് ഡ്യൂട്ടിക്ക് റിപ്പോർട്ടു ചെയ്യുകയും വേണം. സാധാരണയായി ഞാൻ ചെയ്യാറുള്ളത്, സ്റ്റേഷനിൽനിന്ന് നേരേ കോളജിലേക്ക് പോയി എന്റെ ഡ്യൂട്ടിക്ക് കയറും, എന്തുകൊണ്ടെന്നാൽ അതൊരു വലിയ അച്ചടക്കമുള്ള ക്രിസ്ത്യൻ കോളജായിരുന്നു. അതും, ഞാൻ സായി ബാബയുടെ ഒരു മീറ്റിംഗിനു പോയതാണെന്നു പറഞ്ഞാൽ, ഒത്തു, എന്നെ കോളജിൽനിന്ന് ചവിട്ടി പുറത്താക്കും. അപ്പോൾ, ട്രെയിൻ ലേറ്റായിരുന്നു-വൈകിയിരുന്നു. ഞാനെന്തു ചെയ്യാനാണ്?

വല്ല വിധേനയും, ആശങ്കയോടെ, സാവധാനം ഞാൻ കോളജിലേക്ക് ചെന്നു. എന്തു സംഭവിച്ചുവെന്നോ? ഞാനവിടെ കണ്ടതെന്തെന്നോ? ആ പരിസരം മൊത്തം, കാമ്പസ്, ശൂന്യമായിക്കിടക്കുന്നു. പ്രധാന കവാടം അടച്ചിരിക്കുന്നു. ഞാൻ കാവൽക്കാരനെ വിളിച്ചു,

''ഹലോ, എന്തു സംഭവിച്ചു? എന്തു സംഭവിച്ചു?''

''സർ, ഇന്ന് നമ്മുടെ ലക്ചറർമാരിലൊരാൾ വിവാഹിതനാവുകയാണ്. അതുകൊണ്ട്, ഇന്ന് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്.''

ഓ! ഞാൻ സ്വാമിക്ക് നിർലോഭമായി നന്ദി പറഞ്ഞു. ''സ്വാമീ, എനിക്ക് അവിടുത്തെ ജോലി ചെയ്യാവുന്ന തരത്തിൽ, എനിക്ക് അവധി ആസ്വദിക്കാവുന്ന രീതിയിൽ ഈ അവിവാഹിതരൊക്കെ വിവാഹം കഴിച്ചോട്ടെ.'' ഇപ്രകാരമാണ് ഞാൻ എന്റെയുള്ളിൽ പ്രാർത്ഥിച്ചത്.

സ്വാമി നിങ്ങളെ എങ്ങനെയാണ് രക്ഷിക്കുക എന്ന് നിങ്ങളെ അറിയിക്കുന്നതിന് ഇതൊരു തെളിവാണ്. ''നിങ്ങൾ എനിക്കൊപ്പം ഒരടി വയ്ക്കുകയാണെങ്കിൽ, ഞാൻ നിങ്ങൾ

ക്കൊപ്പം പത്ത് അടി വയ്ക്കും.'' ഇതാണ് ഭഗവാൻ പറഞ്ഞത്. ''നിങ്ങൾ എന്റെ ജോലി ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ ജോലി ചെയ്യുക എന്നത് എന്റെ കടമയാണ്.''

ഇനി ഞാൻ നിങ്ങൾക്ക് മറ്റൊരു ഉദാഹരണം തരാം. ഞാൻ മഹാരാഷ്ട്ര സംസ്ഥാന ത്തിൽ, നാഗ്പൂർ സർവകലാശാല വിദ്യാർത്ഥികളെയും അവിടുത്തെ സത്യസായി സെന്റ റുകളെയും അഭിസംബോധന ചെയ്യുന്നതിനായി പോയിരിക്കുകയായിരുന്നു, നാഗ്പൂരിൽ നിന്ന് ദക്ഷിൺ എക്സ്പ്രസ്സിൽ കയറിപ്പറ്റി. ട്രെയിൻ വൈകിയിരുന്നു. ട്രെയിൻ വളരെ വൈകി ഓടുകയായിരുന്നു- 2 മണിക്കൂർ ലേറ്റ്. ഞാനെന്തു ചെയ്യും? ഞാൻ നേരേ കോള ജിലേക്ക് ചെന്നു. എന്നെ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, എനിക്ക് വലിയ അതിശയമു ണ്ടാക്കിക്കൊണ്ട്, മുഴുവൻ കാമ്പസ്സും ശൂന്യം. വാതിലുകളൊക്കെ അടഞ്ഞുകിടക്കുന്നു. ഞാൻ വാച്ച്മാനെ വിളിച്ചു, ''എന്തു പറ്റി? ഇന്ന് എന്തു സംഭവിച്ചു?''

''സർ, കുട്ടികളെല്ലാവരും ആഡിറ്റോറിയത്തിൽ കൂടിയിരിക്കുകയാണ്. അവിടെവച്ച് എന്തോ മീറ്റിംഗുണ്ടെന്നു തോന്നുന്നു. താങ്കൾ നേരെ അങ്ങോട്ട് പൊയ്ക്കോളൂ.''

അതുകൊണ്ട്, നേരം കളയാതെ, ഞാൻ കോളജ് ആഡിറ്റോറിയത്തിലേക്ക് തിരക്കിട്ടു നട ന്നു. അവിടെ ഒരു വലിയ മീറ്റിംഗ് നടക്കുന്നു. ഞങ്ങളുടെ കോളജിൽ 4500 വിദ്യാർത്ഥിക ളുണ്ട്. ആഡിറ്റോറിയം തിങ്ങിനിറഞ്ഞിരിക്കുന്നു. അകലെനിന്നേ ഞാൻ കരഘോഷം കേൾക്കുകയുണ്ടായി, ഇടിമുഴക്കം പോലെ. എനിക്ക് വലിയ സന്തോഷമായി. ഞാൻ ആഡിറ്റോറിയത്തിന്റെ അടുത്തെത്തി പുറകിലായി നിന്നു. ഇന്റർ-കോളജിയേറ്റ് ക്രിക്കറ്റ് മത്സരത്തിന്റെ ആഘോഷമാണതെന്ന് എനിക്ക് മനസ്സിലായി. ഞങ്ങളുടെ കോളജിനായി രുന്നു ഒന്നാം സ്ഥാനം. ക്രിക്കറ്റുകാർക്ക് വെള്ളിക്കപ്പുകൾ സമ്മാനിക്കപ്പെട്ടു, എവർ-റോ ളിംഗ് ട്രോഫി പ്രിൻസിപ്പാളും ഏറ്റുവാങ്ങി. എല്ലാ വിദ്യാർത്ഥികളും ചിരിച്ചു തിമർത്ത് കര ഘോഷം മുഴക്കി. അവർക്ക് വലിയ, വലിയ സന്തോഷമായിരുന്നു. ഒടുവിൽ, പ്രിൻസിപ്പാൾ വന്ന് അനൗൺസ് ചെയ്തു, ''ഇന്റർ-കോളജിയേറ്റ് ക്രിക്കറ്റ് മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനത്ത് എത്തിയതു പ്രമാണിച്ച്, ഇന്ന് അവധി പ്രഖ്യാപിക്കു ന്നു.''

എനിക്ക് അങ്ങേയറ്റം സന്തോഷമായി, ഞാൻ എന്റെ ഉള്ളിൽ സ്വാമിയോട് പ്രാർത്ഥിക്കുക യായിരുന്നു, ''ഭഗവാൻ, ഞങ്ങളുടെ കുട്ടികൾ ഇതേപോലെ കളിക്കുവാൻ അവിടുന്ന് അനു ഗ്രഹിക്കണം. അവർക്ക് ഇതേപോലെ സമ്മാനങ്ങളും കിട്ടട്ടെ. എനിക്ക് അവിടുത്തെ

ജോലി ചെയ്യാനായി അവധിദിനങ്ങൾ ലഭിക്കട്ടെ, എന്റെ ജോലി അവിടുത്തെ കരങ്ങളിൽ സുരക്ഷിതമാവുമല്ലോ.'' ഇതാണ് സംഭവിച്ചത്.

എനിക്ക് പറയാനുള്ളത്, സ്വാമി എന്നെ എങ്ങനെയാണ് രക്ഷിച്ചിട്ടുള്ളതെന്നാണ്! എന്റെ ഇടയ്ക്കിടെയുള്ള യാത്രകൾ കാരണം, നിങ്ങൾക്കറിയാവുന്നപോലെ, ഏറെക്കാലം മുമ്പു തന്നെ എനിക്ക് ജോലി പോയേനേ. ഓരോ വട്ടവും സ്വാമി എന്നെ രക്ഷിച്ചതാണ്, ഓരോ തവണയും. ഭഗവാനോട് പ്രാർത്ഥിക്കാത്തത് ഒരു പക്ഷേ നമ്മുടെ തെറ്റാവാം, എന്നാൽ അവിടുത്തെ ദിവ്യ ദൗത്യത്തിൽ പങ്കാളിയാവാതിരിക്കുകയെന്നത് പാപമാണ്. അതുകൊണ്ട്, ഈ വെല്ലുവിളി ഏറ്റെടുക്കേണ്ടത് നമ്മളാണ്, സ്വാമി നിശ്ചയമായും നമ്മുടെ രക്ഷയ്ക്കായി എത്തും.




ഒരിക്കൽ ഞാൻ അഡിലബാദ്, നിസാമബാദ് പോലെയുള്ള, ഒരു കാലത്ത് നക്സലൈറ്റുകളുടെ ശക്തികേന്ദ്രങ്ങളായിരുന്ന ഏതാനും ജില്ലകളിലേക്ക് പോവാനിടയായി. പോലീസ് പ്രധാന ഹൈവേ റോഡിൽ അക്രമികളായ മനുഷ്യരുടെ, നക്സലൈറ്റുകളുടെ, നീക്കം സംശയിച്ചിരുന്നു. പ്രധാന ഹൈവേ പോലീസിന്റെ നിരീക്ഷണത്തിലായിരുന്നു. അതുകൊണ്ട് പട്രോളിംഗ് ഉണ്ടായിരുന്നു. പോലീസ് ഉദ്യോഗസ്ഥർ എല്ലാ ദിക്കിലും സഞ്ചരിക്കുന്നുണ്ടായിരുന്നു.

ശരി, അർദ്ധരാത്രി 12.00 മണിക്കടുത്ത് എന്റെ കാർ തിരികെ വരുന്നത് കണ്ടിട്ട്, ഓരോ സ്ഥലത്തും കാർ നിർത്തിച്ചു. തോക്ക് നീട്ടിക്കൊണ്ട് പോലീസ് വിൻഡോയിലൂടെ ഒളിഞ്ഞുനോക്കാൻ തുടങ്ങി. എന്നെ വെടി വെച്ചേക്കാം, കാരണം നക്സലൈറ്റുകൾ മൂലം അവർക്ക് സകല അധികാരവും കിട്ടിയിരുന്നു. തീർന്നു, ഞൊടിയിടയ്ക്കകം എന്റെ കഥ കഴിയാം. എന്നാൽ ഓരോ തവണയും പോലീസ് ജനാലയിലൂടെ കഴുത്ത് അകത്തേക്കിട്ടു നോക്കുമ്പോൾ കാണുന്നത് സ്വാമിയുടെ ഫോട്ടോയാണ്, ''ആ! ഇപ്പോൾ താങ്കൾക്ക് പോകാം.'' ഓരോ തവണയും ഇതാണ് സംഭവിച്ചത്. കാർ തടയപ്പെട്ടു, പോലീസ് പരിശോധിച്ചു, എന്നിട്ടവർ സ്വാമിയുടെ ഫോട്ടോ കണ്ടിട്ട് എന്നെ പോകാൻ അനുവദിച്ചു.

പിന്നീട്, ഞാൻ പ്രശാന്തിനിലയത്തിലെത്തി. സ്വാമി പറഞ്ഞു, ''നിനക്ക് സമയബോധമില്ല. നിനക്ക് വട്ടാണെന്നാണ് തോന്നുന്നത്. നീ എന്ത് അസംബന്ധമാണ് കാട്ടിയത്? നീ പാതി

രായ്ക്കാണ് സഞ്ചരിച്ചത്. രാത്രി 10 മണിക്കുശേഷം സഞ്ചരിക്കരുതെന്ന് ഞാൻ നിന്നോട് പറഞ്ഞിട്ടുള്ളതല്ലേ? അതും, നക്സലൈറ്റ് പ്രദേശത്താണ് നീ സഞ്ചരിച്ചത്, അവിടെ ആ നേരത്ത് പോലീസിനെ ആരെ വേണമെങ്കിലും വെടി വയ്ക്കാനുള്ള എല്ലാ അധികാരവുമുണ്ട്. നീ വെടിയേറ്റ് കൊല്ലപ്പെട്ടേനേ. നിനക്കത് അറിയുമോ? രാത്രി മുഴുവനും, എനിക്ക് നിന്നെ നോക്കേണ്ടിവന്നു; രാത്രി മുഴുവനും, എനിക്ക് നിന്നെ കാക്കേണ്ടിവന്നു. നിന്റെ കുടുംബത്തിന് എന്തു സംഭവിക്കും?''

ഉടനടി ഞാൻ അവിടുത്തെ കാൽക്കൽ വീണു, ആ പാദങ്ങൾ കണ്ണീരാൽ നനച്ചുകൊണ്ട്, ''സ്വാമീ, ഞാൻ അവിടുത്തെ ക്ഷമ യാചിക്കുന്നു. ഇനി മേലിൽ, ഞാൻ 10 മണിക്കുശേഷം സഞ്ചരിക്കില്ല. എന്നാൽ, അതേ സമയം, ഭഗവാൻ രാത്രി മുഴുവനും, എന്റെ രക്ഷയ്ക്കായി കാറിൽ എന്റെ പുറകിൽ, എന്റെയൊപ്പം, എന്റെ മുകളിൽ, എന്റെ കൂടെ ഉണ്ടായിരുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സ്വാമീ, ഞാൻ അവിടുന്നിനോട് എന്നും കടപ്പെട്ടിരിക്കുന്നു.''

അപ്പോൾ ഭഗവാൻ പറഞ്ഞു, ''ഇത് ആവർത്തിക്കരുത്.'' അവിടുന്ന് അരുളി.

ഞാനിത് നിങ്ങളുമായി പങ്കു വയ്ക്കുന്നത്, സ്വാമി നമ്മെ എങ്ങനെ സംരക്ഷിക്കുന്നു, സ്വാമി നമ്മുടെ കാര്യങ്ങൾ എങ്ങനെ ശ്രദ്ധിക്കുന്നു എന്ന് നിങ്ങളെ അറിയിക്കുന്നതിനു വേണ്ടിയാണ്. അതുകൊണ്ട്, അവിടുത്തെ ദിവ്യ ദൗത്യത്തിൽ സന്ദേഹമില്ലാതെ, മുമ്പില്ലാത്തവിധം കൂടുതൽ ഉത്സാഹത്തോടെ, നമുക്ക് പങ്കെടുക്കാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)